## പുതിയ താലൂക്കകളിലെ മജിസ്ട്രേറ്റ് കോടതി

31 (1853) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം അനുവദിച്ച എല്ലാ പുതിയ താലൂക്കകളിലും മജിസ്ട്രേറ്റ് കോടതി അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതൊക്കെ താലൂക്കുകളിൽ അനുവദിച്ചിട്ടുണ്ടെന്നും അനുവദിക്കാനുള്ള താലൂക്കുകൾ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) അനുവദിക്കാനുള്ള താലൂക്കുകളിൽ അതിനായുള്ള സർക്കാർ നടപടികൾ നിലവിലുണ്ടെങ്കിൽ അതിന്റെ പുരോഗതിയും, എപ്പോൾ പൂർത്തിയാകുമെന്നും വിശദമാക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച മജിസ്ട്രേറ്റ് കോടതികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സ.ഉ.(സാധാ) നമ്പർ 1919/2009/ആഭ്യന്തരം തീയതി 6-7-2009 എന്ന സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് കോടതികൾ ആരംഭിക്കുന്നതിനുള്ള ഒരു പരിഗണന പട്ടിക ഇപ്പോൾ നിലവിലുണ്ട്. പുതിയ കോടതികൾ ആരംഭിക്കുന്നതിന് അവയെ പരിഗണന പട്ടികയിൽ ഉൾപ്പെടുത്തി സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് മാത്രമേ സാധ്യമാവുകയുള്ളൂ.

## ശാസ്ത്രം, സാങ്കേതികം, പരിസ്ഥിതി എന്നീ വകുപ്പുകൾക്കായി പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ

32 (1854) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:-

(എ) 2013-14-ലെ സംസ്ഥാന ബഡ്ജറ്റിൽ ശാസ്ത്രം, സാങ്കേതികം, പരിസ്ഥിതി എന്നീ വകുപ്പുകൾക്ക് കീഴിൽ പ്രഖ്യാപിക്കപ്പെട്ട ഓരോ പദ്ധതികൾക്കുമായി എത്ര തുക വീതം വകയിരുത്തപ്പെട്ടുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയ്ക്ക് ഓരോന്നിനുമായി എത്ര തുക വീതം അനുവദിക്കപ്പെട്ടു ; എത്ര തുക വീതം പിൻവലിക്കപ്പെടാതെ ട്രഷറിയിൽ അവശേഷിച്ചു ; വ്യക്തമാക്കാമോ ;

(സി) ഈ പദ്ധതികളിൽ ഏതെങ്കിലും ഇതുവരെയും പൂർത്തിയാക്കാത്തതായുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

**ഉത്തരം**

(എ&ബി)

ശാസ്ത്ര സാങ്കേതിക വകുപ്പ് : (തുക ലക്ഷത്തിൽ)

| പദ്ധതി | വിഹിതം | അനുവദിച്ചത് | സറണ്ടർ ചെയ്തത് |
|---|---|---|---|
| കരമന നദിയുടെ ശാസ്ത്രീയ പരിപാലന പദ്ധതി | 500 | 500 | 33.34 |
| സയൻസ് സിറ്റി | 100 | 100 | 83.34 |
| സാങ്കേതിക വിദ്യ കൈമാറ്റവും റോഡ് മാപ്പ് തയ്യാറാക്കലും നിർവ്വഹണവും | 350 | 250 | 308 |
| കുട്ടികൾക്കായുള്ള ശാസ്ത്ര നഗരം, കളമശ്ശേരി | 0.01 | Nil | Nil |
| ശ്രീനിവാസ രാമാനുജൻ ബേസിക് സയൻസ് ഇൻസ്റ്റിറ്റ്യൂട്ട്, പാമ്പാടി | 0.01 | Nil | Nil |

പരിസ്ഥിതി വകുപ്പ് :

| പദ്ധതി | വിഹിതം | അനുവദിച്ചത് | സറണ്ടർ ചെയ്തത് |
|---|---|---|---|
| നഗര പരിസ്ഥിതി മെച്ചപ്പെടുത്തൽ പദ്ധതി | 1005 | 1005 | Nil |

2013-14-ൽ മേൽ വകുപ്പുകൾക്ക് കീഴിലുള്ള മറ്റു പദ്ധതികൾ മുൻവർഷങ്ങളിൽ നിന്നും തുടർന്നുവന്നവയാണ്.

(സി) ഈ പദ്ധതികളെല്ലാം നടപ്പിലാക്കിവരികയാണ്.